"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - പൊതുനിരത്തുകളിൽ നിയമം ലംഘിച്ച് വാഹനമോടിക്കുന്നതിന് മാതൃകാപരമായ ശിക്ഷയും ബോധവത്കരണവും- പത്തനാപുരം ഗാന്ധിഭവനിൽ നിശ്ചിതകാലം താമസിച്ച് സൻമാർഗ്ഗ പരിശീലനം നേടുന്നതിനും സേവനജോലിക്കുമായി നിയോഗിക്കുവാനും നിഷ്കർഷിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.366/2024/TRANS തീയതി,തിരുവനന്തപുരം, 13-09-2024

---

പരാമർശം:- ബഹു: വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 01/06/2024 തീയതിയിലെ 136/PS/M/Trans/2024 നമ്പർ കുറിപ്പ്

**ഉത്തരവ്**

പ്രായപൂർത്തിയാകാത്ത കുട്ടികൾ, ചെറുപ്പക്കാർ തുടങ്ങിയവർ മോട്ടോർ വാഹന നിയമങ്ങൾ പരസ്യമായി ലംഘിച്ച് പൊതുനിരത്തുകളിൽ വാഹനമോടിക്കുന്ന സംഭവങ്ങൾ ദൈനംദിനം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇവർക്ക് മാതൃകാപരമായ ശിക്ഷയും ബോധവത്കരണവും നല്കി കുറ്റകൃത്യങ്ങളിൽ നിന്നും പിൻമാറ്റുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി, അത്തരം നിയമലംഘനങ്ങളിൽ ഏർപ്പെടുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾ, ചെറുപ്പക്കാർ എന്നിവരെ അശരണരും ആലംബഹീനരുമായ അന്തേവാസികളെ പാർപ്പിച്ച് പരിപാലിക്കുന്ന പത്തനാപുരം ഗാന്ധിഭവനിൽ നിശ്ചിതകാലം താമസിച്ച് സൻമാർഗ്ഗ പരിശീലനം നേടുന്നതിനും സേവനജോലിക്കുമായി നിയോഗിക്കുവാൻ ഉത്തരവാകുന്നു.

2. ഇക്കാര്യത്തിലുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ഗതാഗത കമ്മീഷണർ പുറപ്പെടുവിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഗതാഗത കമ്മിഷണർ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit 1/Audit 2) കേരള
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ ഡിവിഷൻ , പി ആർ ഡി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ratheesh R
Date: 28-09-2024 13:28:37

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു: വകുപ്പ് മന്ത്രിയുടെ പി എസിന്

സെക്രട്ടറിയുടെ പി എയ്ക്ക്

ജോയിന്റ് സെക്രട്ടറിയുടെ സി എയ്ക്ക്